# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2926 07.12.2018 -ലെ മറുപടി

**കുഴൽക്കിണറുകൾ**

**ചോദ്യം** — **ശ്രീ.എം.സ്വരാജ്**

**മറുപടി** — **കെ. കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | കുഴൽക്കിണറുകൾ കുഴിക്കുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ; | എ) | കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും, ഭൂജലവകുപ്പിന്റെ 'clearance-ഉം 10/01/2014 മുതൽ നിർബന്ധമാണ്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്,കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്.<br>കുഴൽകിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജല വകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഭൂജല സർവ്വേ നടത്തി കുഴൽകിണർ നിർമ്മാണം വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നു. |

| | | | |
|---|---|---|---|
| ബി) | എറണാകുളം ജില്ലയിലുൾപ്പെടെ ഒട്ടേറെ അപേക്ഷകൾ പരിഗണന യ്ക്കായി കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കു മെന്ന് അറിയിക്കുമോ? | സി) | ഭൂജലവകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിന് വേണ്ടി 28-ാംമത് സംസ്ഥാന ഭൂജലഅതോറിറ്റിയോഗം തീരുമാനം എടുത്തിരുന്നു. ആയതിൻ പ്രകാരം കരാറടിസ്ഥാനത്തിൽ ഹൈഡ്രോജിയോളജിസ്റ്റുമാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ 29-ാം സംസ്ഥാന ഭൂജല അതോറിറ്റി യോഗത്തിന്റെ അംഗീകാരത്തോടെ ഭൂജല വകുപ്പ് സമർപ്പിച്ചിരുന്നു, 22 ഹൈഡ്രോജി യോളജിസ്റ്റുമാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ GO(Rt) No. 545/2018/WRD dated: 25/07/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. Employment Exchange കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ഡിവിഷനുകളിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**